(ബി) എങ്കിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(സി) പ്രസ്തുത ഹോസ്റ്റൽ വാർഡനെ സർവ്വീസിൽ നിന്നും, മാറ്റി നിർത്തി അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അന്വേഷണം നടത്തിയിട്ടുണ്ട്.

(ബി) കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ഇന്ത്യൻ ശിക്ഷാ നിയമം 376, 323, 324, 34 വകുപ്പുകളും 1989-ലെ എസ്. സി. എസ്. റ്റി. ആക്ടിലെ 3 (1) (X) (XI) വകുപ്പുകളും പ്രകാരം ക്രൈം 38/96 നമ്പരായി പാലോട് പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.

(സി) നെടുമങ്ങാട് ഞാറനീലി ട്രൈബൽ ഹോസ്റ്റൽ വാർഡൻ ശാന്തമ്മയെ സർവ്വീസിൽനിന്നും സസ്പെൻറ് ചെയ്യുകയും കേസന്വേഷണത്തെ തുടർന്ന് അറസ്റ്റ് ചെയ്ത കോടതിയിൽ ഹാജരാക്കുകയും റിമാൻഡിൽ ഇപ്പോഴും ജയിലിൽ പാർപ്പിച്ചു വരുന്നതുമാകുന്നു.

സംസ്ഥാനത്തെ വാഹനാപകടങ്ങൾ

56 [1187] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) 1991-ലെ ഐക്യ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31-1-1996 വരെ എത്ര വാഹനാപകടങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) അതിൽ എത്ര പേർ മരിച്ചു;

(സി) എത്ര പേർക്ക് പരിക്കുപറ്റി;

(ഡി) കെ. എസ്. ആർ. റ്റി. സി. ബസ്സുകൾ മൂലം എത്ര അപകടങ്ങൾ ഉണ്ടായിട്ടുണ്ട്?

ഉത്തരം

(എ) 147,208 വാഹനാപകടങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) 10,864 പേർ മരിച്ചു.

(സി) 204,165 പേർക്ക് പരിക്കു പറ്റി.

(ഡി) 6,954 അപകടങ്ങൾ ഉണ്ടായിട്ടുണ്ട്.

സർക്കാർ വക വാഹനങ്ങളുടെ ദുരുപയോഗം

57 [1188] ശ്രീമതി ശോഭനാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വക വാഹനങ്ങൾ ദുരുപയോഗപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly